(ബി) വിശദമായ സാദ്ധ്യതാപഠനംനടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമൂഹികമായും വാണിജ്യപരമായും ഗുണകരമാണെന്ന് കണ്ടാൽ അടിസ്ഥാന സൗകര്യങ്ങളുടെയും ജീവനക്കാരുടെ ലഭ്യതയ്ക്ക് അനുസരിച്ചുതുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ മാവേലിസ്റ്റോർ

124 (138) ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വെങ്ങളം, നടുവത്തൂർ, നടേരി എന്നിവിടങ്ങളിൽ മാവേലിസ്റ്റോറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഈ സ്ഥാപനങ്ങൾ എന്നത്തേക്ക് തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

നടുവത്തൂർ ഉൾപ്പെടുന്ന കീഴരിയൂർ ഗ്രാമപഞ്ചായത്തിലും നടേരി ഉൾപ്പെടുന്ന കൊയിലാണ്ടി മുൻസിപ്പാലിറ്റിയിലും നിലവിൽ സപ്ലൈകോയുടെ മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. വെങ്ങളം ഉൾപ്പെടുന്ന ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ സപ്ലൈകോയുടെ ഒരു സൂപ്പർമാർക്കറ്റും പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ സപ്ലൈകോയുടെ വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകിയാണ് മാവേലിസ്റ്റോറുകൾ അനുവദിക്കുന്നത്. എന്നിരുന്നാലും സാദ്ധ്യതാപഠനംനടത്തി വാണിജ്യപരമായും സാമൂഹികപരമായും ഗുണകരമെന്ന് കണ്ടെത്തിയാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ആനക്കര മാവേലിസ്റ്റോർ

125 (139) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃത്താല മണ്ഡലത്തിലെ ആനക്കര ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നൽകിയ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കാൻ ഏതെങ്കിലും സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ഗ്രാമപഞ്ചായത്ത് പ്രസ്തുത സ്ഥാപനം തുടങ്ങാൻ അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടും തുടങ്ങാൻ വൈകിയതിനുത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; പ്രസ്തുത സ്ഥാപനം തുടങ്ങാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly